## 665

*രീതി : ഇഹത്തിലെ ദുരിതങ്ങൾ*

1 നടക്കണം പ്രിയരെ നാം പരിശുദ്ധാത്മാവിനെ
അനുസരിച്ചനുദിനം സമർപ്പണമായ് ജഡത്തെയനുസരിച്ചു
നടക്കുകിലൊരിക്കൽ നാം കനത്ത ശിക്ഷാവിധിയിലകപ്പെടുമേ
ആത്മാവിനെയനുസരിക്കുകിൽ പ്രാപിക്കാം വിജയം ദിനവും-

2 വിളിക്കു യോഗ്യമായ് നമ്മൾ വിളിച്ചോനാം വിശുദ്ധന്റെ
വിശുദ്ധിക്കനുസരിച്ചു നടന്നിടേണം അശുദ്ധിയുമേതുവിധ-
ദുർന്നടപ്പുമൊരിക്കലും പൊറുക്കുകില്ലവനതി വിശുദ്ധനത്രെ-

3 ജഡത്തിന്റെ പ്രവൃത്തികൾ മരിപ്പിക്കണം നാം
ജഗത്തിന്റെ മോഹങ്ങൾ ത്യജിച്ചിടേണം ജയിച്ചിടുകിൽ നമ്മൾ
പ്രിയനൊത്തു നടന്നിടും ലഭിച്ചിടും പ്രതിഫലം നമുക്കൊരുനാൾ-

4 നന്മയും പൂർണ്ണവുമായ ദൈവഹിതമാരാഞ്ഞിടാം
വെളിച്ചത്തിലുള്ളവരായ് നടന്നിടാം നാം സകല സൽഗുണങ്ങളും
നീതിയും സത്യവുമല്ലോ വെളിച്ചത്തിൻ ഫലമെന്നതറിഞ്ഞിടണം-

5 ധരിക്കണം ദൈവത്തിന്റെ സർവ്വായുധവർഗ്ഗം നമ്മൾ
പെരിയ ശത്രുവിനോടു പൊരുതിടുവാൻ
സമയം ദുർലഭമെന്നതറിഞ്ഞവൻ
വൃതരെയും ചതിക്കുവാൻ ശ്രമിക്കുമെന്നറിഞ്ഞിടണം-

6 പിമ്പിലുള്ളതു മറന്നും മുൻപിലുള്ളതിനെ നോക്കി
പരമവിരുതിനായിട്ടോടിടേണം നാം വിശ്വാസത്തിൻ നായകനാ-
മേശുവിൻ കരത്തിൽനിന്നും ലഭ്യമാകും
നീതിയിൻ കിരീടമൊരുനാൾ- C.D.C.